പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 5895

30-07-2015 ൽ മറുപടിക്ക്

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എളമരം കരീം<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരികയായിരുന്ന വ്യവസായ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നതിൽ, എത്രയെണ്ണം കരാറനുസരിച്ച് പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടവയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>• ***TELK-NTPC യുമായി ചേർന്നുള്ള സംയുക്തസംരംഭ കരാർ*** – സംയുക്ത സംരംഭത്തിൻെറ ആദ്യഘട്ടത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെച്ചിരുന്ന കമ്പനിയ്ക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസനപ്രവർത്തനങ്ങൾ നടപ്പാക്കാത്തതാണ് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.<br><br>• ***സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും –*** തമ്മിലുള്ള സംയുക്ത സ ംരഭത്തിൻെറ ഭാഗമായി നടപ്പാക്കേണ്ടിയിരുന്ന റോളിംഗ് മിൽ സ്ഥാപിക്കുന്നതി നുണ്ടായ കാലതാമസം കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.<br><br>• ***KEL BHEL യുമായി ചേർന്നുള്ള സംയുക്തസംരംഭ കരാർ*** – ഭെല്ലും കെല്ലിൻെറ കാസർഗോഡ് യൂണിറ്റുമായി ചേർന്നുള്ള സംയുക്ത സംരംഭവും കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | കേന്ദ്രപൊതുമേഖലാ സ്ഥാപനവുമായി ചേർക്കുന്നതിനു മുമ്പ് ലഭ്യമായിരുന്ന ലാഭത്തേക്കാൾ മെച്ചം ഇത്തരത്തിൽ ലയിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | *TELK NTPC* സംയുക്തസംരംഭത്തിന്റെ ആദ്യഘട്ടത്തിൽ മെച്ചപ്പെട്ട ലാഭം നേടിയിരുന്നെങ്കിലും തുടർ വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. മറ്റു രണ്ട് സംയുക്ത സംരംഭങ്ങൾക്കും ലയിപ്പിച്ചതിനുശേഷം കരാർ പ്രകാരമുള്ള പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തികമാകാത്തതിനാൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. |
| (സി) | കരാറനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന് നിലവിൽ അധികാരമുണ്ടോ; | (സി) | *TELK NTPC, SAIL-SCL* എന്നിവയുടെ പ്രവർത്തനങ്ങൾ മാസം തോറുമുള്ള പ്രവർത്തന അവലോകനത്തിലും തുടർ നടപടികളിലും വിലയിരുത്താറുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഉദ്ദേശ്യത്തിനനുസരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (ഡി) | ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. *SAIL-SCL*ൽ സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്ന പദ്ധതി ഇതിനകം തന്നെ പൂർത്തീകരിച്ചു. ഉടൻ തന്നെ വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതാണ്. ടെൽക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക മെഷിനറികളും ടെസ്റ്റിംഗ് ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും *NTPC* യുടെയും ധനകാര്യസ്ഥാപനങ്ങളുടെയും ധനസഹായത്തോടുകൂടി 25 കോടി രൂപയുടെ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.<br>കാസർഗോഡ് സ്ഥിതി ചെയ്യുന്ന സംയുക്ത സംരംഭമായ BHEL-EML ന് കൂടുതൽ നിക്ഷേപവും കമ്പനിയുടെ വികസനത്തിന് പുതിയ സാങ്കേതിക വിദ്യയും കൂടുതൽ ഓർഡറുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ബഹു. കേന്ദ്ര ഘന വ്യവസായ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന്മേൽ ഭെല്ലിന്റെ ആഭ്യന്തര ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങളും |

സാമഗ്രികളും BHEL EML ൽ നിന്നും ലഭ്യമാക്കുക, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സഹായം നൽകുക, ഉൽപ്പന്നങ്ങളുടെ വ്യത്യസ്തമായ ഉപയോഗം അവയുടെ വിപണന സാധ്യത, പുതിയ ഉൽപ്പന്നങ്ങൾ, എന്നീ വിഷയങ്ങളിൽ നിലവിൽ ഭെൽ സഹായം നൽകിവരുന്നുണ്ടെന്നും BHEL-EML ലാഭമുണ്ടാക്കുന്നമുറയ്ക്ക് കമ്പനിയിൽ കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതാണ് എന്ന് BHEL മാനേജ്മെന്റ് ഉറപ്പുനൽകിയിട്ടുണ്ടെന്നും കേന്ദ്രഘന വ്യവസായ മന്ത്രി അറിയിച്ചിട്ടുണ്ട്.

Hanu

സെക്ഷൻ ഓഫീസർ